പി.എ സൈനുദ്ദീൻ

# മുഹർറം പത്തിലെ നോമ്പിന്റെ ശ്രേഷ്ഠത

عَنْ عَبْد الله بن عَبَّاس رَضِيَ الله عَنْهمَا قَالَ: قَدمَ رَسُولُ الله ﷺ الْمَدِينَةَ فَرَأَى الْيَهُودَ تَصُوم يَوْمَ عَاشُورَاء، فَقَالَ: ما هَذَا؟ قَالُوا: هَذَا يَوْمٌ صَالِحٌ، نَجَّى اللهُ فِيهِ مُوسَى وَبَنِى إِسْرَائِيلَ مِنْ عَدُوِّهِمْ، فَصَامَهُ، فَقَالَ: أَنَا أَحَقُّ بِمُوسَى مِنْكُمْ فَصَامَهُ وَأَمَرَ بِصِيَامِهِ (رواه البخارى)

അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ)മക്കയിൽ നിന്ന് മദീനയിലെത്തിയപ്പോൾ ജൂതന്മാർ ആശൂറാ ദിനത്തിൽ നോമ്പെടുക്കുന്നത് കണ്ടു. അദ്ദേഹം ചോദിച്ചു: "എന്തിനാണവർ നോമ്പനുഷ്ഠിക്കുന്നത്?" സ്വഹാബികൾ പറഞ്ഞു: "അല്ലാഹു മൂസാ നബി(അ)യെയും ബനൂ ഇസ്രാഈല്യരെയും അവരുടെ ശത്രുവായ ഫറോവയിൽ നിന്ന് രക്ഷപ്പെടുത്തിയ നല്ല ദിനമാണിന്ന്. അല്ലാഹുവിനോടുള്ള നന്ദിസൂചകമായി മൂസാ നബി നോമ്പനുഷ്ഠിച്ചിരുന്നു." നിങ്ങളെക്കാൾ മൂസാ നബിയോട് അടുത്ത അവകാശി ഞാനാണെന്ന് പറഞ്ഞുകൊണ്ട് നബി(സ) ആ ദിവസം നോമ്പനുഷ്ഠിക്കുകയും നോമ്പനുഷ്ഠിക്കാൻ അനുയായികളോട് നിർദേശിക്കുകയും ചെയ്തു (ബുഖാരി).

റമദാൻ നോമ്പ് നിർബന്ധമാകുന്നതിന് മുമ്പ് നബി(സ) വളരെ പ്രാധാന്യത്തോടെ അനുഷ്ഠിച്ചിരുന്ന നോമ്പായിരുന്നു ആശൂറാ (മുഹർറം പത്തിലെ നോമ്പ്). റമദാൻ വ്രതം നിർബന്ധമാക്കപ്പെട്ട ശേഷം ആശൂറാ നോമ്പ് തികച്ചും ഐഛികമായിത്തീർന്നു.

ഇബ്നു അബ്ബാസ്(റ) പറയുന്നു: "നബി(സ) റമദാൻ നോമ്പ് കഴിഞ്ഞാൽ വളരെ പ്രാധാന്യത്തോടെ അനുഷ്ഠിച്ചിരുന്ന നോമ്പായിരുന്നു ആശൂറാ നോമ്പ്." മൂസ(അ)യെയും അദ്ദേഹത്തിന്റെ സമുദായമായ ബനൂ ഇസ്രാഈലിനെയും ക്രൂരനും ഏകാധിപതിയുമായ ഫറോവയിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തുകയും ഫറോവയെ ചെങ്കടലിൽ മുക്കിക്കൊല്ലുകയും ചെയ്ത മഹത്തായ വിജയദിനമാണ് മുഹർറം പത്ത്. ആ ദിവസം മൂസ(അ) അല്ലാഹുവിനോടുള്ള നന്ദിസൂചകമായി നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. ഈ ചരിത്ര സംഭവത്തിന്റെ ഗൗരവം അറിഞ്ഞോ അറിയാതെയോ, ഇബ്റാഹീമീ പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരായിരുന്ന അറബികൾ ആശൂറാ ദിനത്തിൽ ഉപവാസമനുഷ്ഠിച്ചിരുന്നതായി ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നു. പിൽക്കാലത്ത് ഇസ്രാഈല്യരുടെ പിന്തുടർച്ചാവകാശികളെന്ന ഭാവേന ജൂതന്മാർ ആശൂറാ നോമ്പെടുക്കാറുള്ളതോടൊപ്പം ആഘോഷ പരിപാടികൾ സംഘടിപ്പിക്കാറുമുണ്ടായിരുന്നു.

മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസ് ഇപ്രകാരമാണ്: ഖൈബർ നിവാസികൾ ആശൂറാ ദിനത്തിൽ നോമ്പെടുക്കുകയും അവരിലെ സ്ത്രീകൾ പുതുവസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് പ്രസ്തുത ദിനം ആചരിക്കാറുമുണ്ടായിരുന്നു. അപ്പോൾ നബി(സ) നിർദേശിച്ചു: "നിങ്ങൾ ആ ദിനത്തിൽ നോമ്പെടുക്കുക."

ദൈവമാർഗത്തിൽ പൂർണ സമർപ്പണത്തോടെ കർമനിരതരായ ഇസ്‌ലാമിക പ്രവർത്തകർക്ക് ഏത് പ്രതിസന്ധിഘട്ടങ്ങളിലും ശുഭപ്രതീക്ഷാ നിർഭരമായ മനസ്സ് രൂപപ്പെടുത്താൻ ഈ സംഭവം സഹായിക്കുന്നു. ദൗത്യ നിർവഹണത്തിൽ ഉന്മേഷവും ത്യാഗബോധവുമുണ്ടാകുന്നതിന് മൂസായുടെ ഈ ചരിത്ര വിജയം പ്രചോദനമാകുന്നു. അധികാരത്തിനു വേണ്ടി ജനങ്ങളെ വംശീയമായി ഭിന്നിപ്പിച്ച്, കൊല്ലിനും കൊലക്കും അനുയായികളെ പ്രേരിപ്പിക്കുന്ന ഏകാധിപതികളായ ഭരണകർത്താക്കളുടെയും അവരുടെ കിങ്കരന്മാരുടെയും അന്ത്യം പരമ ദയനീയമായിരിക്കുമെന്ന സന്ദേശം ഈ ദിനം നൽകുന്നു. ദൈവമാർഗത്തിൽ പീഡിപ്പിക്കപ്പെടുന്നവരെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ സന്ദർഭോചിതമായ ഇടപെടൽ സംഭവിക്കുക തന്നെ ചെയ്യും എന്നുറപ്പിക്കാൻ തെളിവുകൾ വേറെ അന്വേഷിക്കേണ്ടതില്ല.

ജൂതന്മാർ ആ ദിവസത്തിന് പ്രത്യേകത നൽകുന്നതുകൊണ്ട് അവരിൽ നിന്ന് ഭിന്ന സ്വഭാവം സ്വീകരിക്കുന്നതിന് വേണ്ടി മുഹർറം ഒമ്പതിനു കൂടി നോമ്പനുഷ്ഠിക്കാൻ നബി ഉപദേശിക്കുകയുണ്ടായി അടുത്ത വർഷം താൻ ജീവിച്ചിരിക്കുന്ന പക്ഷം ഈ ദിവസത്തിലും നോമ്പനുഷ്ഠിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ നബി(സ) അടുത്ത മുഹർറം ഒമ്പത് ആഗതമാവുന്നതിന് മുമ്പ് വഫാത്താവുകയായിരുന്നു. ■